## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 878 — 06.06.2018-ൽ മറുപടിക്ക്

### ആദിവാസികൾക്ക് പോലീസിലും എക്സൈസിലും നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, എം. വിൻസെന്റ്<br>,, റോജി എം. ജോൺ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ പോലീസിലും എക്സൈസിലും പ്രത്യേക ഉത്തരവിലൂടെ നിയമിക്കുമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 ഉദ്യോഗാർത്ഥികൾക്കാണ് പോലീസ് എക്സൈസ് വകുപ്പുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുള്ളത്. |
| സി) | നിയമനം ലഭിച്ച ആദിവാസികൾ ബോണ്ട് നൽകണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള ബോണ്ടാണ് നൽകേണ്ടത്; | സി) | എക്സൈസ്, പോലീസ് വകുപ്പുകളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് 52,000/- രൂപയുടെ ബോണ്ടിന് 2 സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം എന്ന വ്യവസ്ഥയാണുള്ളത്. |
| ഡി) | സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം ഹാജരാക്കണമെന്ന വ്യവസ്ഥ ആദിവാസി വിഭാഗങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കുമോ? | ഡി) | പോലീസ് വകുപ്പിൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ട ബോണ്ടിലെ തുകയും കൂടാതെ രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥയും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പ് ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ